കേരള പുലയർ യൂത്ത് മൂവ്മെന്റ് ജില്ലാ നേതൃയോഗം

തിരുവനന്തപുരം: കേരളീയനവോത്ഥാനത്തിന്റെ ഭാഗമായി നടന്ന പോരാട്ടങ്ങൾ തമസ്കരിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ സ്ഥാനം സമൂഹത്തിന്റെ ചവറ്റുകൊട്ടയിൽ ആയിരിക്കുമെന്ന് കേരള പുലയർ യൂത്ത് മൂവ്മെന്റ് സംസ്ഥാന ജനറൽ സെക്രട്ടറി സുഭാഷ് എസ്. കല്ലടപറഞ്ഞു. ജില്ലാ നേതൃയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാന പ്രസിഡന്റ് പ്രശോഭ് ഞാവേലിൽ, സന്ദീപ് അരിയാംപുറം, കാര്യവട്ടം ഗോപകുമാർ, മുകേഷ് തിരുവല്ലം, ലാൽജി തുടങ്ങിയവർ സംസാരിച്ചു.

www.keralakaumudi.com www.facebook.com/keralakaumudi

പേയാട് പള്ളിമുക്കിലെ അപ്പാർട്ട്മെന്റിൽ തീപിടിച്ചു; ആളപായമില്ല

മലയിൻകീഴ്: പേയാട് പള്ളിമുക്ക് പെട്രോൾ പമ്പിന് സമീപത്തെ സ്വകാര്യ ഫ്ലാറ്റിൽ ഇന്നലെ രാത്രി 8.30ന് തീപിടുത്തമുണ്ടായി. ആളപായമില്ല. ബിജു പൊറ്റക്കാടിന്റെ അപാർട്ട്മെന്റായ ഒമ്പത് ഡിയിലാണ് തീപിടിച്ചത്. ഫർണീച്ചറുകളും ഉപകരണങ്ങളും കത്തിനശിച്ചു. തീ പടരുമ്പോൾ മുറിക്കുള്ളിൽ ആരും ഉണ്ടായിരുന്നില്ല. അപ്പാർട്ട്മെന്റ് പൂട്ടി വീട്ടുകാർ പുറത്തേക്ക് പോയ സമയത്താണ് അപകടം. വിളക്കിൽ നിന്ന് തീ പടർന്നതാകാമെന്നാണ് പ്രാഥമിക നിഗമനം. ചെങ്കൽച്ചൂള, കാട്ടാക്കട എന്നീ സ്ഥലങ്ങളിൽനിന്നെത്തിയഫയർഫോഴ്സ് തീ കെടുത്തി. പത്ത് നിലകളുള്ള അപ്പാർട്ട്മെന്റിന് തൊട്ടരികിലായിട്ടാണ് പെട്രോൾ പമ്പ് സ്ഥിതിചെയ്യുന്നത്. തീ പടരാതിരുന്നത് വൻ അപകടം ഒഴിവായി.

അപ്പാർട്ട്മെന്റിലെ തീപിടിത്തത്തിൽ ഉപകരണങ്ങൾ കത്തിനശിച്ച നിലയിൽ

നവോത്ഥാന നായകരെ പങ്കിട്ടെടുക്കരുത്: കെ.പി.എം.എസ്

തിരുവനന്തപുരം: നവോത്ഥാന നായകരെ ജാതിയും മതവും തിരിച്ച് പങ്കിട്ടെടുക്കുന്ന പ്രവണത വർദ്ധിച്ചു വരികയാണെന്നും അത് അവസാനിപ്പിക്കണമെന്നും കെ. പി. എം. എസ് അസിസ്റ്റന്റ് സെക്രട്ടറി ബൈജു കലാശാല പറഞ്ഞു. കെ.പി.എം.എസ് സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായുള്ള കൊടിമര ജാഥയുടെ തെക്കൻമേഖലാകൺവെൻഷൻ കോവളത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കെ. പി.വൈ.എം സംസ്ഥാന പ്രസിഡന്റ് പ്രശോഭ് ഞാവേലിൽ അദ്ധ്യക്ഷനായി. സുഭാഷ് എസ്. കല്ലട റിപ്പോർട്ട് അവതരിപ്പിച്ചു. വെള്ളാർ ശിവകുമാർ, മുകേഷ് തിരുവല്ലം, കാര്യവട്ടം ഗോപകുമാർ, കാണവിള ശ്രീകുമാർ, ഷിൻരാജ്, പി.കെ. ബിജു, സന്ദീപ് അരിയാംപുറം, അരുൺ ഗോപി എന്നിവർ സംസാരിച്ചു.

വയർമാൻ അസോസിയേഷൻ സ്ഥാപക ദിനം

തിരുവനന്തപുരം : കേരള ഇലക്ട്രിക്കൽവയർമാൻആൻഡ്സൂപ്പർവൈസേഴ്സ്അസോസിയേഷൻ സ്ഥാപക ദിനത്തോടനുബന്ധിച്ച് 23 ന് വൈകിട്ട് 5.30 ന് പൂജപ്പുര ഭഗത്സിംഗ് പാർക്ക് ആഡിറ്റോറിയത്തിൽ വൈദ്യുതി സുരക്ഷയും സൗരോർജത്തിന്റെ പ്രയോഗവും എന്ന വിഷയത്തെക്കുറിച്ച് സെമിനാർ നടക്കും.ഇലക്ട്രിക്കൽഇൻസ്പെക്ടറേറ്റ് അവതരിപ്പിക്കുന്ന സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട എന്ന നാടകവും ഉണ്ടാകും. പൂജപ്പുര വാർഡ് കൗൺസിലർ ഡോ. ബി.വിജയലക്ഷ്മി ഉദ്ഘാടനം ചെയ്യും. ഇന്റർനാഷണൽ എനർജി കൺസൾട്ടന്റ്പ്രൊഫ. വി.കെ.ദാമോദരൻ മുഖ്യപ്രഭാഷണം നടത്തുമെന്ന് സെക്രട്ടറി എസ്.ഗോപകുമാർ അറിയിച്ചു.

വാർഷികം

തിരുവനന്തപുരം: രാജേശ്വരി ഫൗണ്ടേഷൻ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സെന്ററിന്റെ വാർഷികാഘോഷം ഡോ. എം. ആർ. രാജഗോപാൽ ഉദ്ഘാടനം ചെയ്തു. സത്യൻ മെമ്മോറിയൽ ഹാളിൽ നടന്ന ചടങ്ങിൽ രാജേശ്വരി ഫൗണ്ടേഷൻ പ്രസിഡന്റ് കെ. വിജയകുമാരൻ നായർ അദ്ധ്യക്ഷത വഹിച്ചു.

ആർ.എസ്. ശ്രീകുമാർ, കെ. ശിവദാസൻ,എം.ആർ. മനോജ് എന്നിവർ സംസാരിച്ചു. സ്വാഗത സംഘം ചെയർമാൻ ബി. സുരേഷ് കുമാർ പിള്ള സ്വാഗതവും കൺവീനർ ബിച്ചു നന്ദിയും പറഞ്ഞു. ഉടർന്ന് മജിഷ്യൻ മനവിന്റെ മാജിക്ഷോയും വിവിധ കലാപരിപാടികളും അരങ്ങേറി.

ധർമ്മമീമാംസ പരിഷത്തും ഗുരുധർമ്മ പ്രചാരണ സഭ ജില്ലാ വാർഷികവും

തിരുവനന്തപുരം : ഗുരുധർമ്മ പ്രചാരണ സഭ ജില്ലാ ധർമ്മമീമാംസ പരിഷത്തും ജില്ലാ വാർഷികവും സംഘടിപ്പിക്കുന്നു.

23 ന് രാവിലെ 9 ന് കനകക്കുന്ന് വിശ്വസംസ്കാര ഭവനിൽ സ്വാമി സാന്ദ്രാനന്ദ ഉദ്ഘാടനം ചെയ്യും. ജില്ലാ പ്രസിഡന്റ് ഡോ. കെ.സുശീല അദ്ധ്യക്ഷത വഹിക്കും.

സ്വാമി ശുഭാംഗാനന്ദ, ജില്ലാ സെക്രട്ടറി എ.ആർ.വിജയകുമാർ, ആറ്റിങ്ങൽ കൃഷ്ണൻ കുട്ടി, സി.രാജേന്ദ്രൻ, ഡോ. എൻ. വിശ്വനാഥൻ, പ്രഭാകരൻ, കെ.എസ്. മനോഹരൻ എന്നിവർ സംസാരിക്കും. 10.55 മുതൽ പുരുഷാകൃതി പൂണ്ട ദൈവം എന്ന വിഷയത്തിൽ സജീവ് കൃഷ്ണനും ആധുനിക കാലത്തിൽ ഗുരു ദർശനത്തിനുള്ള പ്രസക്തി എന്ന വിഷയത്തിൽ സ്കൂൾ ഒഫ് ഭഗവത്ഗീത ആചാര്യൻ സ്വാമി സന്ദീപാനന്ദ ഗിരിയും ക്ലാസെടുക്കും.

2.30 ന് ഗുരുധർമ്മപ്രചാരണ സഭ ജില്ലാ വാർഷിക സമ്മേളനം സഭാ സെക്രട്ടറി സ്വാമി ഗുരുപ്രസാദ് ഉദ്ഘാടനം ചെയ്യും. സ്വാമി ശങ്കരാനന്ദ, സഭാ രജിസ്റ്റാർ ടി.വി. രാജേന്ദ്രൻ, സി.ടി. അജയകുമാർ, എസ്. അശോകൻ ശാന്തി, കെ.ജയധരൻ, പുന്നാവൂർ അശോകൻ, കെ.ജി.സുരേഷ് എന്നിവർ സംസാരിക്കുമെന്ന് ജില്ലാ സെക്രട്ടറി എ.ആർ. വിജയകുമാർ അറിയിച്ചു.

തിലകൻ സ്മാരക അവാർഡുകൾ സമ്മാനിച്ചു

തിരുവനന്തപുരം: തിലകൻ സ്മാരക വേദിയുടെ തിലകൻ സ്മാരക സംസ്ഥാന അവാർഡുകൾ വിതരണം ചെയ്തു. തിരുവനന്തപുരം പ്രസ്ക്লബിൽ നടന്ന ചടങ്ങ് ഭാരത് ഭവൻ മെമ്പർ സെക്രട്ടറി പ്രമോദ് പയ്യന്നൂർ ഉദ്ഘാടനം ചെയ്തു. സ്മാരക വേദി പ്രസിഡന്റ് ജോർജ് മാത്യു അദ്ധ്യക്ഷത വഹിച്ചു. തിലകന്റെ മകൻ ഷോബി തിലകൻ ജേതാക്കൾക്ക് അവാർഡുകൾ സമ്മാനിച്ചു. നാടകരംഗത്തെ സമഗ്ര സംഭാവനയ്ക്ക് മധുകൊട്ടാരത്തിൽ, സംഗീത, നൃത്ത രംഗത്തു നിന്ന് കലാമണ്ഡിരം ശ്യാമള, മാദ്ധ്യമ രംഗത്തു നിന്ന് ജി. വിശാഖൻ, പി .വിദ്യ എന്നിവർ പുരസ്കാരങ്ങൾ ഏറ്റുവാങ്ങി. രാഷ്ട്രീയ പ്രവർത്തകനുള്ള അവാർഡ് കാനം രാജേന്ദ്രനു വേണ്ടി പ്രതിനിധിയായ ദീലിപും സാഹിത്യ അവാർഡ് രവിവർമ്മ തമ്പുരാന വേണ്ടി മകൻ നിരഞ്ജനും ഏറ്റുവാങ്ങി. കൊടുമൺ ഗോപാലകൃഷ്ണൻ എഴുതിയ ചരിത്ര നാടകങ്ങൾ എന്ന പുസ്തകത്തിന്റെ പ്രകാശനം പ്രമോദ് പയ്യന്നൂർ കലാമണ്ഡിരം ശ്യാമളയ്ക്ക് നൽകി നിർവഹിച്ചു. സ്മാരക വേദി രക്ഷാധികാരി സി.വി. ചന്ദ്രനെ ആദരിച്ചു.

പുനലൂർ ബാലൻ സ്മാരക സാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ നടന്ന പുനലൂർ ബാലൻ അനുസ്മരണം കവി പ്രഭാവർമ്മ ഉദ്ഘാടനം ചെയ്യുന്നു. ഡോ. സത്യജിത്ത്, കലാം കൊച്ചേറ, സുദർശൻ കാർത്തികപ്പറമ്പിൽ, ഡോ. എം.ആർ. തമ്പാൻ, പ്രാഫെ. എം.കെ. ഗംഗാധരൻ, ഡോ. വിളക്കുടി രാജേന്ദ്രൻ എന്നിവർ സമീപം

ഭർത്താവ് അക്രമിച്ചെന്ന് പരാതി, യുവതി ആശുപത്രിയിൽ

തിരുവനന്തപുരം: പരിക്കേറ്റ നിലയിൽ മക്കൾക്കൊപ്പം പൊലീസ് സ്റ്റേഷനിലെത്തിയ യുവതിയെ പൊലീസ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അരയല്ലൂർ സ്വദേശി ഗീതയാണ് പരിക്കേറ്റ നിലയിൽ ഇന്നലെ രാത്രി 10.30ഓടെ പൂജപ്പുര സ്റ്റേഷനിലെത്തിയത്. ഭർത്താവിന്റെ മർദ്ദനത്തിൽ പരിക്കേറ്റതാണെന്നും പരാതി നൽകാൻ എത്തിയതാണെന്നും ഇവർ പറഞ്ഞു. രണ്ട് മക്കളും ഒപ്പമുണ്ടായിരുന്നു. തലയിലെ പരിക്ക് ഗുരുതരമായതിനാൽഇവരെപൊലീസ് ഉടൻ മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിച്ചു. യുവതിയുടെ ആരോഗ്യനില സാധാരണ നിലയിലായ ശേഷം തുടർനടപടികൾ സ്വീകരിക്കുമെന്ന് പൊലീസ് അറിയിച്ചു.

തീയതി നീട്ടി

തിരുവനന്തപുരം : അംബേദ്കർ ജയന്തി ആഘോഷകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നൽകുന്ന അംബേദ്കർ പുരസ്കാരങ്ങൾക്കുള്ള അപേക്ഷ സ്വീകരിക്കുന്ന തീയതി 31 വരെ നീട്ടിയതായി പുരസ്കാര കമ്മിറ്റി ചെയർമാൻ കെ.രാമൻകുട്ടി അറിയിച്ചു.

എക്സൈസ് യോഗം

തിരുവനന്തപുരം: മയക്കമരുന്ന് കടത്ത്, കച്ചവടം, ഉപയോഗം എന്നിവയുടെ വ്യാപനം തടയുന്നതിനായി എക്സൈസ് കമ്മിഷണർ ഋഷിരാജ്സിംഗിന്റെ നേതൃത്വത്തിൽ എക്സൈസ് ഉന്നതതല യോഗം ചേർന്നു. എക്സൈസ് കമ്മിഷണർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ ചെക്ക് പോസ്റ്റുകളിൽ നിരന്തരം സന്ദർശനം നടത്തി വാഹനപരിശോധന നടത്താനും രാത്രികാല വാഹനപരിശോധന ശക്തിപ്പെടുത്താനും തീരുമാനിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ, ഐ.ടി മേഖല എന്നിവിടങ്ങളിലെ മയക്കമരുന്ന് കച്ചവടം, ഉപയോഗം എന്നിവ കണ്ടുപിടിക്കുന്നതിന് വനിതാ ഉദ്യോഗസ്ഥരടക്കമുള്ളവരെ നിയോഗിക്കാനും യോഗം തീരുമാനിച്ചു.

പുനലൂർ ബാലൻ അനുസ്മരണയോഗം

തിരുവനന്തപുരം: പുനലൂർ ബാലൻ സ്മാരക സാഹിത്യവേദി സംഘടിപ്പിച്ച അനുസ്മരണയോഗം കവി പ്രഭാവർമ്മ ഉദ്ഘാടനം ചെയ്തു. സാഹിത്യവേദി ചെയർമാൻ ഡോ. എം.ആർ. തമ്പാൻ അദ്ധ്യക്ഷത വഹിച്ചു.

പ്രാഫെ. എം.കെ. ഗംഗാധരൻ അനുസ്മരണ പ്രഭാഷണം നടത്തി. ഡോ. വിളക്കുടി രാജേന്ദ്രൻ, ഡോ. സത്യജിത്ത്, കലാം കൊച്ചേറ, സുദർശൻ കാർത്തികപ്പറമ്പിൽ എന്നിവർ സംസാരിച്ചു. തുടർന്ന് നടന്ന കാവ്യാർച്ചന സുദർശൻ കാർത്തികപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു.

സി.പി. ശ്രീകണ്ഠൻ നായർ അദ്ധ്യക്ഷത വഹിച്ചു. എം. പി. സദാശിവൻ, വഞ്ചിയൂർ ദിവരാജ്, തപതി ശാന്തിപുരം, രാജപുഷ്പ, സുഷമ മൈനാഗപ്പള്ളി, കുന്നത്തൂർ ജയപ്രകാശ്, മാറനല്ലൂർ സുധി, പുനലൂർ ബാലന്റെ മകൾ ജിജി, ഡോ. കെ.ടി.അഗസ്റ്റിൻ, വിശ്വംഭരൻ നായർ എന്നിവർ കവിതകൾ അവതരിപ്പിച്ചു.

ആയുർവേദാചാര്യൻ വി. ഭാർഗവൻ വൈദ്യർ

കുളത്തൂരിന്റെ മാണിക്യം

▶ അഡ്വ. ഷീല.ആർ.ചന്ദ്രൻ

തിരുവനന്തപുരം: കുളത്തൂർ കോലത്തുകരയിൽ നിന്നു ഗുരുദേവൻ കണ്ടെത്തിയ മാണിക്യമായിരുന്നു ഭാർഗവൻ വൈദ്യർ. ഗുരുധർമ്മ പ്രചാരകനായ ഭാർഗവൻ വൈദ്യർ 17 വർഷത്തോളം ഗുരുദേവന്റെ കൃപാകടാക്ഷം നകർന്ന ജീവിക്കാൻ ഭാഗ്യം സിദ്ധിച്ച സുകൃതികളിൽ ഒരാളായിരുന്നു. ഗുരുദേവ ശിഷ്യരിൽ ശ്രദ്ധേയ സ്ഥാനമായിരുന്നു ആയുർവേദ ആചാര്യൻ വി. ഭാർഗവൻ വൈദ്യർക്ക് ഉണ്ടായിരുന്നത്. 1901ലെ അഷ്ടമി രോഹിണി നാളിൽ കുളത്തൂർ വലിയവിളാകത്തു വീട്ടിൽ ആയുർവേദ വൈദ്യനും ഗുരുദേവന്റെ സതീർത്ഥ്യനുമായിരുന്ന വേലായുധൻ വൈദ്യന്റെയും കുട്ടിയമ്മയുടെയും എട്ടാമത്തെ പുത്രനായി ഭാർഗവൻ ജനിച്ചു.

ഭാർഗവൻ വൈദ്യർ

കുളത്തൂരിലെ കുടിപ്പള്ളിക്കൂടത്തിൽ പ്രാഥമിക വിദ്യാഭ്യാസം നടത്തിവരവെ എട്ടാം വയസിൽ കൊച്ചുഭാർഗവന്റെ ജീവിതത്തിൽ വഴിത്തിരിവുണ്ടായി, ഗുരുദേവൻ ഭാർഗവനെ ശിവഗിരിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. ഗുരുദേവന്റെ ശിക്ഷണത്തിൽ നാനാജാതി മതസ്ഥരായ ധാരാളം കുട്ടികളുണ്ടായിരുന്നു. അവരിൽ ഭാർഗവൻ വൈദ്യരെ കൂടാതെ, ദിവാകരൻ മറ്റൊരു ഭാർഗവൻ എന്നിവരും കുളത്തൂർ സ്വദേശികളായിരുന്നു. ഭാർഗവൻ വൈദ്യരോട് ഗുരുവിന് പ്രത്യേക വാത്സല്യം ഉണ്ടായിരുന്നു. ഭൃഗുവെന്നാണ് ഗുരുദേവൻ ഭാർഗവനെ വിളിച്ചിരുന്നത്. ശിവഗിരിയിലെത്തിയ ഭൃഗുവിനെ ഗുരു ആദ്യം പഠിപ്പിച്ചത് ജാതി ചോദിക്കരുത്, പറയരുത് എന്ന ആപ്തവാക്യമാണ്. ജാതി ചോദിക്കുന്ന ആളോട് കണ്ടാൽ അറിഞ്ഞുകൂടെ പിന്നെ കേട്ടാൽ എങ്ങനെ അറിയും എന്നു പറയാനാണ് ഗുരു പഠിപ്പിച്ചത്. ജാതി നിഷേധ ശ്ലോകം ഗുരുമുഖത്തു നിന്നു പഠിച്ച ഭാർഗവൻ അക്കാലത്തു വിശ്വസിച്ചിരുന്നത് ജാതിയുണ്ടെന്നു പറയുന്നത് വെറുതെയാണെന്നാണ്. എന്നാൽ പിൽക്കാലത്ത് ജാതി വേർതിരിവിന്റെ തീക്ഷ്ണത ശരിക്കും അനുഭവിച്ചറിഞ്ഞയാളാണ് ഭാർഗവൻ.

ഭാർഗവന്റെ ആയുർവേദ പഠനത്തിന് ഗുരുദേവൻ അന്നത്തെ ആയുർവേദ കോളേജ് പ്രിൻസിപ്പലായിരുന്ന ഗോപാലപിള്ള സാറിനെ ചുമതലപ്പെടുത്തിയിരുന്നു. ഗുരുദേവന്റെ ശുശ്രൂഷകൾ ചെയ്യാൻ ഭാഗ്യം ലഭിച്ച ഭാർഗവന് ബ്രഹ്മശ്രീ ചട്ടമ്പി സ്വാമികൾ, ബോധാനന്ദസ്വാമികൾ, നടരാജഗുരു, ആത്മാനന്ദസ്വാമികൾ എന്നിവരെ പരിചരിക്കുന്നതിനും, ഗൃഹസ്ഥശിഷ്യരായ ഡോ. പല്ലു കുമാരനാശാൻ, സഹോദരൻ അയ്യപ്പൻ, സി. വി. കുഞ്ഞുരാമൻ എന്നിവരോട് സഹവസിക്കുന്നതിനും അവസരം ലഭിച്ചിട്ടുണ്ട്. ഗുരുദേവ സമാധിക്കു ശേഷം ഗുരു കല്പിച്ചതനുസരിച്ചു ആയുർവേദ പഠനം നടത്തുകയും തിരുവനന്തപുരം ആയുർവേദ കോളേജിൽ നിന്നു വൈദ്യകലാനിധിയും, മദ്രാസ് സർവകലാശാലയിൽ നിന്നു ആയുർവേദാചാര്യ ഒന്നാം റാങ്കിൽ പാസാകുകയും ചെയ്തു.

കൊട്ടാരക്കരയ്ക്കടുത്ത് സദാനന്ദപുരം ആശ്രമത്തിൽ പ്രഥമ സംസ്കൃത അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച വൈദ്യർ മൂന്നു കൊല്ലത്തിനു ശേഷം തിരുവനന്തപുരം ആയുർവേദ കോളേജിൽ അദ്ധ്യാപകനായി. തുടർന്ന് പ്രൊഫസർ, പ്രിൻസിപൽ, ഡെപ്യൂട്ടി ഡയറക്ടർ എന്നീ നിലകളിലും സേവനമനുഷ്ഠിച്ചു. 1994 മാർച്ച് 22 ന് 93-ാം വയസിൽ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

ഭാർഗവൻ വൈദ്യർ സ്മൃതി ദിനാചരണം ഇന്ന്

തിരുവനന്തപുരം: ശ്രീനാരായണ പരിഷത്ത്, കോലത്തുകര ക്ഷേത്രസമാജം, ഗുരുവീക്ഷണം മാസിക എന്നിവയുടെ ആഭിമുഖ്യത്തിൽ ആയുർവേദാചാര്യൻ വി. ഭാർഗവൻ വൈദ്യരുടെ സ്മൃതിദിനം ഇന്ന് രാവിലെ 9.30ന് കോലത്തുകര ക്ഷേത്രത്തിൽ മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യും.

സ്വാമി പ്രകാശാനന്ദ ഭദ്രദീപം തെളിക്കും. ഡോ. തോട്ടയ്ക്കാട് ശശിധരൻ അദ്ധ്യക്ഷത വഹിക്കും. ശ്രീനാരായണ ധർമസംഘം ട്രസ്റ്റ് ജനറൽസെക്രട്ടറി സ്വാമി സാന്ദ്രാനന്ദ സെമിനാർ ഉദ്ഘാടനം ചെയ്യും. സ്വാമി ശുഭംഗാനന്ദ, സ്വാമി ഗുരുപ്രസാദ്, കെ.പി.ശങ്കരദാസ്, ഡോ. എം.ആർ.യശോധരൻ, എസ്.സുവർണകുമാർ, ഡോ.സുധീഷ് കുമാർ, ഡോ.എം.കരിം, ഡോ.രാജൻ ഗുരുവംശി,ജി.ശിവദാസ്,എ.കെ.മോഹനൻ, ക്ലാറൻസ്മിറാണ്ട, വിജയൻ ശേഖർ, കെ.ജയധരൻ, ശ്രീസുഗത്, പി.ജി.ശിവബാബു, ഷീല ആർ.ചന്ദ്രൻ, കടകംപള്ളി ഹരിദാസ്, പ്രൊഫ. സുശീല, എൻ.തുളസീധരൻ, സതീഷ് ബാബു, പേട്ട ജി. രവീന്ദ്രൻ, കെ.സുലോചൻ, മംഗളശ്രീ, സതീഷ് ബാബു എന്നിവർ പങ്കെടുക്കും. വൈകിട്ട് നാല് മണിക്ക് സമാപന സമ്മേളനവും ഭാർഗവൻ വൈദ്യർ സ്മാരക സാഹിത്യപുരസ്കാരവും സ്വാമി ഗുരുപ്രസാദ് സമ്മാനിക്കും.

ശ്രീനാരായണ സാഹിത്യ രചന നടത്തിയ 40 പേരെയും ആദരിക്കും. ഇതോടൊപ്പം കഴിഞ്ഞ അദ്ധ്യയനവർഷം തിരുവനന്തപുരം ആയുർവേദ കോളേജിൽ നിന്ന് ഉന്നതവിജയം നേടിയ ജസ്നി വി. ജോസിന് മന്ത്രി കാഷ് അവാർഡ് സമ്മാനിക്കും. ഭാർഗവൻ വൈദ്യർ സ്മാരക ഉപന്യാസ മത്സരത്തിലെ വിജയികൾക്കും മന്ത്രി സമ്മാനങ്ങൾ വിതരണം ചെയ്യും.

സിനിമ

■ന്യൂ (2323244) :: ■SCREEN 1 - കോടതി സമക്ഷം ബാലൻവക്കീൽ (M - 11.15, 2.30, 6.15, 9.30)
■SCREEN 2 - JUNE (M-11.15,2.30,6.15,9.30)
■SCREEN 3 - 9 (M-11.15,2.30,6.15,9.30)
■ശ്രീകുമാർ (2331222) :: NO SHOWS
■ശ്രീവിശാഖ് (2331222) :: AGNIDEV (T- 11.15 ,2.30,6.15,9.30)
■ശ്രീപത്മനാഭ (2473999) :: ഞാൻ പ്രകാശൻ (M- 11.00),HELLO (T-2.30,6.00,9.30)
■ദേവിപ്രിയ (2473999) :: കോടതി സമക്ഷം ബാലൻ വക്കിൽ(M-11.00,2.30, 6.00,9.30)
■അജന്ത (2472825) :: UCHAKATTAM (T-11.30, 2.30,6.30,9.45)
■കൃപ :: CAPTAIN MARVEL (E-3D 9.30am, 10.30am, 1.30pm, 4.20pm, 7.15pm, 10.15pm) THADAM (T-12.30,9.30pm) വാരിക്കുഴിയിലെ കൊലപാതകം (M- 3.30pm) BADLA (H- 6.3pm)
■കലാഭവൻ :: പത്മവ്യൂഹത്തിലെ അഭിമന്യു (M- 11.30), കുംബളങ്ങി നൈറ്റ്സ് (M-2.30,6.15,9.30)
■സെൻട്രൽ (2462865) :: BARBARIAN (E-11.30, 2.30, 6.30, 9.30)
■കൈരളി (2332747) :: ARGENTINA FANS KATTOORKADAVU (M-11.15,2.30,6.15,9.30)
■ശ്രീ (2332747) :: ഇളയരാജ (M- 11.15, 2.30, 6.15, 9.30)
■നിള (2332747) :: കുംബളങ്ങിനൈറ്റ്സ് (M- 11.15, 2.30,6.15,9.30) അരയക്കാവിൽ (M- 9.30)
■ലെനിൻ സിനിമ :: കുംബളങ്ങിനൈറ്റ്സ് (M- 11.00am, 11.00pm), AN INTERNATIONAL LOCAL STORY (M-2.15,5.30), URI (H - 8.30 pm)
■ധന്യ (2476773) :: ഇളയരാജ (M- 11.15, 2.30, 6.15, 9.30)
■രമ്യ (2476773) :: HOW TO TRAIN YOUR DRAGON HIDDEN WORLD 3D (E -11.15) KESARI (H- 2.30,6.15,9.30)
■ARIESPLEX SL CINEMA: (04714066660) ::
■Audi 1- HOW TO TRAIN YOUR DRAGON-3D (E- 11.30) CAPTAIN MARVELL-3D (E- 2.45) അർജന്റീന ഫാൻസ് കാട്ടൂർക്കടവ് (M-6.45, 10.30)
■Audi 2- THADAM (T- 10.30AM, 10.30PM) KESARI (H-1.15, 4.15) ഇളയരാജ (M-7.15)
■Audi 3- GULLY BOY (H- 10.30am) MARD KO DARD NAHI HOTA (H- 1.30pm, 7.15PM) UDGARSH (T- 4.15pm) BADLA (H- 10.30 pm)
■Audi 4 - JUNE (M- 10.30am, 1.15pm, 7.15pm, 10.30pm) BDLA (H - 4.15 pm)
■Audi 5 - അർജന്റീന ഫാൻസ് കാട്ടൂർക്കടവ് (M- 11.30am, 2.45 pm) HOW TO TRAIN YOUR DRAGON 3D (E -7.15) KESARI (E -10.30)
■Audi 6 - കുംബളങ്ങിനൈറ്റ്സ് (M- 10.30, 1.15, 4.15, 7.15, 10.30)
■കഴക്കൂട്ടം കുഞ്ഞു (2418144) :: AGNIDEV (T-11.15,9.30) ജൂൺ (M-2.30, 6.15)
■വെട്ടുറോഡ് ഹരിശ്രീ (04712755666) :: UCHAKATTAM (T- 11.15, 2.30, 6.15, 9.30)
■കഠിനകുളം ജി ട്രാക്സ് (2757771) :: screen 1 : കായംകുളം കൊച്ചുണ്ണി (M-11.15, 2.30, 6.15, 9.30)
■screen 2 : 96 (T- 11.30, 2.30, 6.30, 9.30)
■ആറ്റിങ്ങൽ ഡ്രീംസ് (628997) :: THADAM (T- 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ ഗംഗ (2629973) :: ഞാൻ പ്രകാശൻ (M- 11.15, 2.15, 6.15, 9.15)
■ആറ്റിങ്ങൽ യമുന (2629973) :: KGF (T-11.15, 2.15, 6.15, 9.15)
■ആറ്റിങ്ങൽ കാവേരി (9287218284) :: ZERO (H- 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ വൈശാഖ് (2622244) :: ജനാധിപൻ (M- 11.15, 2.15), ജോസഫ് (M-6.15, 9.15)
■ആറ്റിങ്ങൽ തപസ്യ (3291113) :: UCHAKATTAM (M- 11.00, 2.45, 6.30, 9.45)
■ആറ്റിങ്ങൽ തപസ്യപ്രാരഡൈസ് (620920):: AGNIDEV (T-11.15, 6.30, 9.45) പ്രിയപ്പെട്ടവർ (M- 3.00)
■വർക്കലഎസ്.ആർ (04702602339) :: KUMBALANGI NIGHTS (M- 11.00, 2.30, 6.15, 9.30)
■വർക്കല വിമല (9895233785):: HELLO (T-11.00, 3.00, 6.30, 9.45)
■വർക്കലസ്റ്റാർ സിനിമ (2602344) :: കോടതി സമക്ഷം ബാലൻ വക്കിൽ (M-11.00, 6.15), കുംബളങ്ങി നൈറ്റ്സ് (M- 2.30, 9.30)
■ചിറയിൻകീഴ് സ്വാമിജി (9526752302) :: കമ്മാരസംഭവം (M- 3.00, 6.30, 9.30)
■നെടുമങ്ങാട് സൂര്യ (2802223) :: ഫ്രഞ്ച് വിപ്ലവം (M- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് സൂര്യപ്രാരഡൈസ് (2813259):: AGNIDEV (T-11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് ശ്രീസരസ്വതി (8111966043) :: JULY KATRIL (M- 11.00, 2.30), മേരെപ്യാരെ ദേശ് വാസിയോം (M, 6.15, 9.30)
■നെടുമങ്ങാട് റാണി :: screen 1 : കോടതി സമക്ഷം ബാലൻ വക്കിൽ (M -11.0, 6.15), കുംബളങ്ങി നൈറ്റ്സ് (M- 2.30, 9.30)
■screen 2 : CAPTEN MARWELL (E-3D -11.00, 2.30, 6.15, 9.30)
■പെരിങ്ങമ്മല അശ്വതി (2400394) :: JOSEPH (M- 2.30, 6.30, 9.30)
■കളിയിക്കാവിള ശ്രീകാളീശ്വരി (0471-2200073, 0471-2200174) ::
■Audi 1- ഗജനികാന്ത് (M- 11.30, 2.30, 6.15, 9.30)
■Audi 2- ഇബിലിസ് (M- 11.00, 2.30, 6.15, 9.30)
■Audi 3- KARWAAN (H-11.00, 2.30, 6.15, 9.30)
■Audi 4- കൂടെ (M- 11.00, 2.30, 6.15, 9.30)
■Audi 5- JUNGA (T- 11.00, 2.30) ഒരു പഴയ ബോംബ് കഥ (M- 6.15, 9.30)
■കളിയിക്കാവിള തമീൻസ് മാക്സ് :: പുലിമുരുകൻ (M-2.30, 6.15)
അച്ചം എമ്പത് മടമയ്യട (T-11.00, 9.15)
■നെയ്യാറ്റിൻകര ശ്രുതി :: പത്മവർണനത്ത (M- 2.30, 6.30, 9.30)
■പോത്തൻകോട് MT CINEPLEX (2419515) :: ■Tela 1- CAPTAIN MARVEL (E-3D 11.15, 2.30, 6.15, 9.30) ■Tela 2- കുംബളങ്ങി നൈറ്റ്സ് (M- 11.00, 9.45) കോടതി സമക്ഷം ബാലൻ വക്കിൽ (M-2.15, 6.30)
■പോത്തൻകോട് എച്ച്.കെ സിനിമാസ് (0471-2715555, 9447060600) :: OLD IS GOLD (T- 11.15, 2.30, 6.15) THADAM (T-9.30)
■വെഞ്ഞാറമൂട് സിന്ധു (9746159088) :: കുംബളങ്ങി നൈറ്റ്സ് (M- 11.30, 2.30, 6.30, 9.30)
■കാട്ടാക്കട ജയവിനായക (2290867) :: screen 1 - ആട് -2 (M-11.00, 2.15, 6.15, 9.15)
■screen 2 - വേലൈക്കാരൻ (T- 11.15, 2.30, 6.30, 9.30)
■കള്ളിക്കാട് ദീപ (9447553618) :: അച്ചാതൻസ് (M- 6.30, 9.30)
■കാട്ടാക്കട (ശ്രീമുരുക (9995952120) :: No show
■കിളിമാനൂർ എസ്.എ